
# LMCC HS ERNAKULAM

**LADY OF MOUNT CARMEL CONVENT HIGH SCHOOL , ERNAKULAM**

# e–നൂർ

**വെളിച്ചം പരത്തുക**





# ഉള്ളടക്കം

എഡിറ്റോറിയൽ ബോർഡ് ---------- 3
സഹായസമിതി ------------------4
നേതൃമൊഴി ---------------------- 5
മുഖമൊഴി-----------------------6
സന്ദേശം-----------------------7
ധന്യ മദർ ഏലീശ്വാ----------------8
ഉപ്പ്----------------------------9
വിളക്കിന്റെ ആവശ്യം--------------10
മുന്നോട്ട് ----------------------10
ഭയപ്പെടരുത്--------------------11
പൂവ്--------------------------12
മനുഷ്യൻ----------------------12
പുതുജീവിതത്തിലേക്ക്--------------13
സമയമേ നീ എങ്ങോട്ട്-------------14
എന്റെ പ്രണയം------------------14
രണ്ട് സുഹൃത്തുക്കൾ---------------15
ഇത്തിരി പൂവേ------------------16
അനുഭവം----------------------17
Digital സൃഷ്ടികൾ-----------------18
ചരിത്രവിജയം-------------------19
ചിത്ര രചനകൾ------------------20
അത്യാഗ്രഹത്തിന്റെ ഫലം-----------21
നിർമ്മലരാകുവിൻ----------------23
എലിയും പൂച്ചകളും----------------23
വിജയം നേടാം--------------------23
വിശപ്പ്--------------------------23
എന്റെ കേരളം--------------------24
സ്വർണ്ണ താറാവ് മുട്ട---------------24
കുട്ടനും കിട്ടനും--------------------25
പൂവ്-----------------------------25
നന്മയും തിന്മയും-----------------25
ദൈവ പരിപാലനം----------------26
അത്യാഗ്രഹം ആപത്ത്-------------26
രാജാവ്--------------------------26
ആമയും കൊക്കും-----------------26
ആമയും മുയലും------------------27
പകുതി മുക്കാലും പഠിച്ചു.-------------28
പറയേണ്ട സമയം-----------------28
മണ്ടൻ ഉറുമ്പ്--------------------28
ലഹരി--------------------------28

# എഡിറ്റോറിയൽ ബോർഡ്

* **മുഖ്യ പത്രാധിപ – ആൻസി സോജ പി ജെ (ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സ് )**
* **സഹപത്രാധിപൻ – അർജ്ജുൻ എം ആർ (LK 2023-26 batch)**
* **പത്രാധിപ സമിതി –** **1.**റെയ്സ ബിനോയ് (LK 2022-25 batch)<br>**2.** ആദിത്യ രാജേഷ് (LK 2021-24 batch)<br>**3.** ഏതൻ റ്റി ബിജു (LK 2023-26 batch)
* **അക്ഷരവിന്യാസം – ലിറ്റിൽ കൈറ്റ്സ് 2021-24, 2022-25, 2023-26 batch അംഗങ്ങൾ**
* **വിവരശേഖരണം – ജോൺ വിയാൻ (LK 2023-26 batch)**
* **ചിത്രങ്ങശേഖരണം – പോൾസൺ തദ്ദേവൂസ്, അഭിനവ് ജെ ബൈജു (LK 2022-25 batch)**
* **മുഖചിത്രം, രൂപകല്പന – ഗോഡ്ഫ്രേ ആന്റണി ( Std 9 A )**



# സഹായ സമിതി

HEADMISTRESS



Smt. SUBI SEBASTIAN

LK MISTRESS



Smt. ANCY SOJA P J



Sr. SIJA K JOSE



Smt. NISHA ANTONY
SITC

## LK LEADERS





ADITHYA RAJESH & DAYA V N
(2021-24 Batch)





PAULSON THADEVUS & REYSA BINOY
(2022-25 Batch)





JOHN VIYAN C J & ANIKA SUDHEER NAIR
(2023-26 BATCH)

# നേതൃമൊഴി



**എൽ**.എം. സി.സി. യുടെ വിവിധ ക്ലബുകളിൽ ഒന്നാണ് ലിറ്റിൽ കൈറ്റ് എങ്കിലും ഏറ്റവും സജീവമായി ആത്മാർത്ഥമായും പ്രവർത്തിക്കുന്ന മിടുക്കന്മാരും മിടുക്കികളുമായ ഒരു കൂട്ടം വിദ്യാർത്ഥികളാണ് ലിറ്റിൽ കൈറ്റ് എന്ന് ഈ ഐടി ക്ലബിലെ അംഗങ്ങൾ. വിദ്യാലയത്തിന്റെ ഏത് പ്രവർത്തനവും ഡോക്യുമെന്റേഷൻ നടത്തി അത് മറ്റുള്ളവരിലേക്ക് എത്തിക്കുന്ന ഒരു വലിയ പ്രവർത്തനം ഈ കുട്ടികൾ കാഴ്ച്ചവയ്ക്കുന്നു. അത് വിദ്യാലയത്തിനകത്തു മാത്രമല്ല സംസ്ഥാന സർക്കാർ നേതൃത്വം നൽകുന്ന യുവജനോത്സവ വേദികളിലും അതുപോലെയുള്ള മറ്റു പ്രവർത്തനങ്ങളുടേയും വളരെ മികവാർന്ന ഡോക്യുമെന്റേഷൻ നടത്തുന്നതിൽ അഗ്രഗണ്യരാണ് ഈ കൊച്ചു മിടുക്കന്മാരും മിടുക്കികളും.

**ഇ**ന്ന് ലോകം സാങ്കേതിക വിദ്യയുടെ ഏറ്റവും അധികം ഉപയോഗിക്കുന്ന ഒരു ഘട്ടത്തിലാണ്. അതിൽ തന്നെ കമ്പ്യൂട്ടറുകളുടേയും, ആർട്ടിഫിഷൽ ഇന്റലിജൻസിന്റേയും ഒക്കെ കാലത്താണ് നാം ജീവിക്കുന്നത്. വിദ്യാർത്ഥികൾക്ക് ഐടി ഒരു പാഠ്യവിഷയമാണെങ്കിലും അതിന്റെ ആഴത്തിലും അനുദിനം നടക്കുന്ന ആ മാറ്റങ്ങളെ വളരെ പെട്ടെന്ന് ഉൾക്കൊള്ളുവാനുതകുന്ന രീതിയിൽ ലിറ്റിൽ കൈറ്റ് അംഗങ്ങൾക്ക് പ്രത്യേകമായിട്ടുള്ള ട്രെയ്നിംഗുകളും മറ്റും നൽകുമ്പോൾ അതിൽ താത്പര്യത്തോടെ വരുകയും ആത്മാർത്ഥമായി അതിനു വേണ്ടി പഠനത്തിന് ശേഷമുള്ള സമയം മാറ്റി വയ്ക്കുകയും ചെയ്യുന്ന ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെ എത്ര അഭിനന്ദിച്ചാലും മതിവരില്ല. ഈ വർഷം അവർ നടത്തുന്ന e-magazine **e-നൂർ** ഏറ്റവും ഭംഗിയുള്ളതും സാങ്കേതിക മികവുള്ളതുമാവട്ടെ എന്ന് ആശംസിക്കുന്നു, അതിനു വേണ്ട എല്ലാ ഭാവുകങ്ങളും നേരുന്നു.



LITTLE KITES team ന് എല്ലാവിധ ആശംസകളും നേരുന്നു...... **LMCC STAFF**

## മുഖമൊഴി

e-Noor ലേക്ക് ഒരു യാത്ര......

മാഗസിന് പേര് തിരഞ്ഞായിരുന്നു യാത്ര....
ഓരോ സൈറ്റുകളും മാറിമാറി വിസിറ്റ് ചെയ്യുമ്പോൾ ഉള്ളിൽ തോന്നിയ ഒരു കൗതുകം ഇങ്ങനെയാണ് .... ചെയ്യുന്നതിന് വ്യക്തമായി പ്രതിഫലിപ്പിക്കുന്നതായിരിക്കണം പേര്, കാരണം ഓരോ പേരും വരച്ചു കാണിക്കുന്നത് വ്യക്തിയുടെയോ അതല്ലെങ്കിൽ ഒരു പ്രസ്ഥാനത്തിന്റെയും സ്വഭാവത്തെയാണ്. അതുകൊണ്ട് തന്നെ വർണ്ണശബളമായ ഒരു വെബ്സൈറ്റിൽ കണ്ടെത്തിയ ഒരു പേരാണ് "നൂർ"

ആദ്യം ഒരു സംശയം തോന്നി ഒരു e-മാഗസിന് ഈ പേര് ചേരുമോ ? എന്ന് . പിന്നീട് അർത്ഥതലങ്ങൾ തിരഞ്ഞ് യാത്രയായി അർത്ഥം പങ്കുവയ്ക്കുന്നത് "Radiance" പിന്നെ മറ്റൊന്നും നോക്കിയില്ല. അതിൽ അങ്ങുറപ്പിച്ചു. കാരണം വ്യക്തമാക്കാം ഈ മാഗസിൻ രചിച്ച കുഞ്ഞുങ്ങളുടെ മനസ്സിൽ ഒരു ആഗ്രഹമുണ്ട്. അത് മറ്റൊന്നുമല്ല. എഴുതുന്നത് അവർ പേപ്പർ കഷണത്തിൽ ആയിരുന്നില്ല .മറിച്ച്, ഇന്നത്തെ ആധുനിക അല്ലാട്ടോ... A I യുഗത്തിന്റെ ഭാഗമായി തീരേണ്ട e-മാഗസിനിൽ ആണ്. അതുകൊണ്ട് തന്നെ അവിടെ അർത്ഥം വ്യക്തമാക്കുന്നതും വിദ്യാർത്ഥികൾ പങ്കുവയ്ക്കുന്നതും ഒരേ കാര്യമാണ്. എൽ.എം.സി.സി. വിദ്യാലയത്തിൽ നിന്നും പ്രതിഫലിക്കുന്ന ഓരോ കിരണങ്ങളുടെയും "തേജസ്സ് " തന്നെയാണ്. അക്ഷരങ്ങൾ ചേർത്തു വയ്ക്കുമ്പോൾ വാക്കുകളും വാക്കുകൾ ചേർത്തു വയ്ക്കുമ്പോൾ വാക്യങ്ങളും വാക്യങ്ങൾ ചേർത്തു വയ്ക്കുമ്പോൾ കഥയും കവിതയും സൃഷ്ടികളുമായി മാറുന്നു. എന്നാൽ ഇവിടെ ഈ സൃഷ്ടിക്കപ്പെട്ടിട്ടുള്ള ഓരോ ലേഖനങ്ങളും കവിതകളും വാക്കുകളും പ്രതിഫലിപ്പിക്കുന്നത് 105 വർഷത്തെ വിദ്യാഭ്യാസ പാരമ്പര്യമുള്ള എൽ.എം.സി.സി. ഹൈസ്കൂൾ എറണാകുളത്തിന്റെ തേജസിനെ തന്നെയാണ്. ഈ മാഗസിനിലൂടെ യാത്രയാകുന്ന, യാത്ര ചെയ്യുവാൻ തുടങ്ങുന്ന ഓരോ വ്യക്തിയും സ്വന്തമാക്കുന്നതും ഇതേ തേജസ് തന്നെ. അതിനാൽ നൂർ എന്ന ലാറ്റിൻ പദം എന്തുകൊണ്ടും ഈ ഒരു വലിയ ഉത്തരവാദിത്വത്തിന് തലക്കെട്ടായി ചേരുമെന്ന് തന്നെയാണ് വിശ്വാസം. വെറും വിശ്വാസം മാത്രമല്ല അത് തന്നെയാണ് സത്യവും. ഒറ്റനോട്ടത്തിൽ 2023-24 അധ്യയന വർഷത്തിലെ എൽ.എം.സി.സി. ഹൈസ്കൂളിന്റെ പഠന പാഠ്യേതര പ്രവർത്തനങ്ങളും വിദ്യാർത്ഥികൾ ഇതിൽ ചേർത്തു വയ്ക്കുന്നു. വിദ്യാർത്ഥികൾക്കൊപ്പം തോളോട് തോൾ ചേർന്ന് നിൽക്കുന്ന Techi-Teacher ശ്രീമതി സോജയും , എല്ലാ സഹായ സഹകരണങ്ങളുമായി നിൽക്കുന്ന പ്രധാന അധ്യാപിക ശ്രീമതി സുബി സെബാസ്റ്റ്യനും വിദ്യാർത്ഥികളുടെ കഴിവുകൾ കണ്ടെത്തുവാൻ ഒപ്പമുള്ള അധ്യാപകരും ഈ ഒരു മാഗസിനിലേക്ക് നൽകിയിരിക്കുന്ന അവരുടെ സംഭാവനകൾ, സേവനങ്ങൾ നിരവധിയാണ് . ഒറ്റവാക്കിൽ നന്ദി എന്നത് അസ്ഥാനത്താണ് എന്നറിയാമെങ്കിലും പറയട്ടെ നന്ദി ഒരായിരം ... e-നൂറ്-ന്റെ അണിയറ പ്രവർത്തകർക്ക്.....



Sr. SIJA K JOSE
LK MISTRESS

# സന്ദേശം

ഒരിക്കൽ തന്റെ മിടുക്കരായ മൂന്നു ശിഷ്യന്മാരുടെ ജ്ഞാനത്തെ പരീക്ഷിക്കാനായ് ഗുരു അവരോടായ് പറഞ്ഞു. ഞാൻ നിങ്ങൾക്ക് മൂന്നു പേർക്കുമായി മൂന്ന് മുറികൾ തരുന്നു. കൂടെ ഒരു രൂപയുടെ ഓരോ നാണയവും തരുന്നു. ഞാൻ വൈകുന്നേരം തിരികെ എത്തുമ്പോൾ ഈ നാണയത്തിന് ലഭിക്കുന്ന സാധനങ്ങൾ കൊണ്ട് ഈ മുറികൾ നിറച്ചിരിക്കണം. ഇത്രയും പറഞ്ഞു കൊണ്ട് ഗുരു തന്റെ യാത്രയിലേക്ക് പോയി.

മൂന്നു ശിഷ്യരും തമ്മിൽ തമ്മിൽ നോക്കി. ഈ ഒരു രൂപയുടെ നാണയതുട്ടുകൊണ്ട് ഈ വലിയ മുറി നിറയ്ക്കണമത്രേ !!! ഇതെങ്ങനെ സാധിക്കും . തമ്മിൽ തമ്മിൽ ശിഷ്യന്മാർ ചോദിച്ചു തുടങ്ങി. എങ്കിലും മൂന്നു പേരുടെയും മനസ്സിൽ മറ്റു രണ്ടുപേരെയും തോൽപ്പിക്കണമെന്ന വാശിയും ഉണ്ട്. ഗുരു കല്പ്പിച്ച കാര്യം അനുസരിക്കാതെ വന്നാലുള്ള ഗുരു നിന്ദയും ഓർത്ത് ഗുരുവിനെ ഭയവും മൂന്നു പേർക്കുമുണ്ട്. അതുകൊണ്ട് തന്നെ ശിഷ്യന്മാർ മുറി നിറയ്ക്കാൻ ഒരു രൂപയ്ക്ക് സാധനങ്ങൾ അന്വേഷിച്ചു നടന്നു.

വൈകുന്നേരം ഗുരു തിരിച്ചെത്തി. തന്റെ ശിഷ്യന്മാരുടെ ജ്ഞാനം തിരിച്ചറിയുന്നതിനുള്ള പരീക്ഷണ പാഠം എങ്ങിനെ ആയി എന്നറിയുന്നതിന് വേണ്ടി അദ്ദേഹം ആദ്യ ശിഷ്യന്റെ അടുത്തെത്തി. ശിഷ്യൻ പറഞ്ഞു നോക്കു ഗുരു ഞാൻ ഒത്തിരി അലഞ്ഞു ഒരു രൂപയ്ക്ക് ഈ മുറി നിറയ്ക്കുന്നതിനുള്ള സാധനങ്ങൾ എനിക്ക് ഒരിടത്തു നിന്നും കിട്ടിയില്ല. പക്ഷേ ഞാൻ മറ്റുള്ളവരോട് കടം ചോദിച്ചും, യാചിച്ചും പലവിധ സാധനങ്ങൾ കൊണ്ട് ഈ മുറി നിറച്ചിട്ടുണ്ട്. ഗുരു മുറി തുറന്ന നോക്കുമ്പോൾ കണ്ടത കല്ലും,കരിയിലകൾ, ഉണക്ക കമ്പുകൾ, പുല്ല് , പഴയ വസ്ത്രങ്ങൾ, എന്നിങ്ങനെ വിവിധ സാധനങ്ങൾ കണ്ട് ഗുരു ദുഃഖിതനായി. തന്റെ ശിക്ഷണം കൊണ്ട് ഉപകാരമില്ലാതായോ എന്ന് ഗുരു ചിന്തിച്ചു കൊണ്ട് ഗുരു അടുത്ത് ശിഷ്യന്റെ അടുക്കൽ ചെന്നു. ശിഷ്യൻ പറഞ്ഞു. ഗുരുവേ അങ്ങ് കുറച്ച് കൂടി പണം തന്നിരുന്നെങ്കിൽ നല്ലതെന്തെങ്കിലും കൊണ്ട് മുറി നിറയ്ക്കാമായിരുന്നു. എനിക്ക് ആരും ഒന്നും തരാതിരുന്നതിനാൽ ഞാൻ .... (ഇത്രയും ശിഷ്യൻ പറഞ്ഞു തീരുന്നതിനു മുമ്പേ ഗുരു വാതിൽ തുറന്നതും മൂക്കു പൊത്തി അദ്ദേഹം പിറകിലേക്ക് ആഞ്ഞ് പിൻമാറി. ) ആ മുറി നിറച്ചത് അഴുക്കു മാലിന്യവസ്തുക്കൾ കൊണ്ടായിരുന്നു. മനസ്സ് വിഷമിച്ച് ഗുരു മൂന്നാമത്തെ ശിഷ്യനോടായി പറഞ്ഞു. എന്നെ ദുഃഖിപ്പിക്കാൻ ഈ മുറിയിൽ എന്താണ് നിറച്ചിരിക്കുന്നത്. ശിഷ്യൻ വാതിൽ തുറന്നു കൊണ്ട് പറയുമ്പോൾ ഗുരു തന്റെ കണ്ണും മനസ്സും നിറഞ്ഞ് നോക്കി. ... ഗുരുവേ എനിക്ക് അങ്ങ് തന്ന ഒരു രൂപയ്ക്ക് ഞാൻ കടയിൽ നിന്നും ഒരു മെഴുകുതിരിയും, ഒരു ചന്ദനതിരിയും വാങ്ങി. ഈ പ്രകാശവും സുഗന്ധവും കൊണ്ട് ഈ മുറി നിറച്ചിട്ടുണ്ട്. ഈ ശിഷ്യൻ തെറ്റു കാണിച്ചെങ്കിൽ പൊറുക്കണം. ഗുരുവിന്റെ മനസ്സ് നിറച്ച് ആ ശിഷ്യനെ ഗുരു തന്റെ അരുമ ശിഷ്യനായി ചേർത്തു പിടിച്ചു.

അതേ ലോകത്തിന് മുമ്പിൽ ആവശ്യങ്ങൾ അറിഞ്ഞ് മുന്നേറികൊണ്ടിരിക്കുന്ന ലിറ്റിൽ കൈറ്റ്സ് ഇ-മാഗസിന് എന്തു കൊണ്ടും യോജിക്കുന്ന പേര് തന്നെയാണ് ഇ-നൂർ. പ്രകാശം പരത്തുക. ഹിന്ദിയിലും, അറബിയിലും , ഉർദ്ദുവിലും നൂർ എന്ന വാക്കിനർത്ഥം പ്രകാശം പരത്തുക എന്നതു തന്നെ. ഐടി മേഖലയുടെ തിരയിളക്കം തന്നെ യാണ് ഇന്നത്തെ വിദ്യാഭ്യരീതികളിൽ ഉള്ളത്. കുട്ടികളുടെ ആധുനിക സാങ്കേതിക ഉയർച്ചകളിൽ ഇ-മാഗസിനും ഒരു ഭാഗമാണല്ലോ. മലയാളം , ഹിന്ദി , ഇംഗ്ലീഷ് ടൈപ്പിംഗിലൂടെ ഭാഷാനൈപുണി വളർത്തുന്ന ഇ-നൂർ മാഗസിൻ എല്ലാവർക്കും മുന്നിൽ തുറന്നു വയ്ക്കുന്നു. ആസ്വദിക്കുക

പുത്തൻ തലമുറയ്ക്ക് വെളിച്ചം പകരുക എന്ന സന്ദേശം ഉൾകൊണ്ടുകൊണ്ട് എറണാകുളം എൽ.എം.സി.സി. ഹൈസ്കൂളിലെ ലിറ്റിൽകൈറ്റ്സ് ന്റെ നേതൃത്വത്തിൽ പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിൻ ഇ-നൂർ എല്ലാ മനസ്സുകളിലും പുത്തൻ ഉണർവ്വ് നൽകട്ടെ എന്ന് ആശംസിക്കുന്നു. ലഹരി മുക്ത കേരളം സ്വപ്നം കാണുന്ന ജനഹൃദയങ്ങളിൽ കുളിർമയേകുവാൻ ഇന്നത്തെ തലമുറ സമ്മാനിക്കുന്നത് സാങ്കേതികതയിൽ അധിഷ്ഠിതമായ പുതിയ ആശയങ്ങളും കഴിവുകളും ആണ്. പുതിയ തലമുറയുടെ മികവുറ്റ സേവനം ജനനന്മയ്ക്ക് ഉപകരിക്കുമാറാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു....



**NISHA ANTONY**
**SITC**

CTC സഭാ സ്ഥാപക



# ധന്യ മദർ ഏലീശ്വ

വിദ്യാഭ്യാസ, സാംസ്കാരിക, ആത്മീയ രംഗങ്ങളിൽ കേരളത്തിനും കേരളസഭയ്ക്കും അതുല്യ പ്രതിഭകളെ പ്രദാനം ചെയ്തിട്ടുള്ള വൈപ്പിൻകര ഓച്ചംതുരുത്ത് താണ്ടയുടെയും മകളായി 1831 ഒക്ടോബർ 15-ാം തിയതി, സ്ത്രീകളുടെ പുരോഗതി പ്രവർത്തനങ്ങൾക്ക് കേരളത്തിൽ ആരംഭം കുറിച്ച ഏലീശ്വ ഭൂജാതയായി. ആശാൻമാരെയും അധ്യാപകരെയും വീട്ടിൽ വരുത്തി, അന്ന് സ്ത്രീകൾക്ക് പൊതുവേ നിഷേധിച്ചിരുന്ന എഴുത്തും വായനയും വിദ്യാഭ്യാസവും ഏലീശ്വായ്ക്ക് നല്കുവാൻ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. തൊമ്മന്റെ ഏഴ് മക്കളിൽ മൂത്തവളായിരുന്ന ഏലീശ്വാ 16-ാമത്തെ വയസ്സിൽ കേരളത്തിലെ ആദ്ധ്യാത്മികാരാമം എന്നറിയപ്പെടുന്ന പുരാതനനാടായ കൂനമ്മാവ്, വാകയിൽ വത്തറെ (വറീത്) വിവാഹം ചെയ്തു. മൂന്ന് വർഷം കഴിഞ്ഞപ്പോൾ ഏലീശ്വ വിധവയായി. ഒന്നര വയസ്സുണ്ടായിരുന്ന മകൾ അന്നയുമൊത്ത് ജീവിതം തുടർന്നു. അനുകമ്പാപ്രവർത്തനങ്ങളിലും സ്ത്രീകളുടെ ശാക്തീകരണ പ്രവർത്തനങ്ങളിലും ശ്രദ്ധ കേന്ദ്രീകരിച്ചു.

സ്ത്രീകളുടെ ശോചനീയാവസ്ഥയിൽ മനം നൊന്ത് കഴിഞ്ഞിരുന്ന ഏലീശ്വാ വനിതാവിമോചന പ്രവർത്തനങ്ങളിൽ കൂടുതൽ താല്പര്യം കാണിച്ചു. ഏലീശ്വായുടെ ആത്മീയ സാമൂഹ്യ പ്രവർത്തനങ്ങൾക്ക് ഭർത്താവിന്റെ വീട്ടുകാർ തടസ്സം നിന്നില്ല. എന്നുമാത്രമല്ല പ്രോത്സാഹനവും പിൻബലവും നല്കിയിരുന്നു. 1854 -ൽ വീടിന്റെ ഒരു മുറിയിൽ സ്ത്രീകളെ വിളിച്ചുകൂട്ടി ജാതിമതഭേദമെന്യേ എഴുതാനും വായിക്കാനും പഠിപ്പിക്കൽ, കൊന്തകെട്ട് , ഉത്തരീയ നിർമ്മാണം, പാചകവിദ്യ (ഏലീശ്വാമ്മ ഭക്ഷണം പാചകം ചെയ്യുന്നതിൽ വിദഗ്ധയായിരുന്നു) കരകൗശലവിദ്യ എന്നിവയെല്ലാം അവരെ പഠിപ്പിച്ചു. ഒരു സ്ത്രീയുടെ നേതൃത്വത്തിൽ സ്ത്രീകൾക്കുമാത്രമുള്ള സംഘടിതമായി നടത്തുന്ന സ്ത്രീശാക്തീകരണ സാമൂഹ്യ പ്രവർത്തനങ്ങളുടെ കേരളത്തിലെ ആരംഭമായിരുന്നു അത്. ഈ പ്രവർത്തനങ്ങളുടെയെല്ലാം പ്രധാന ലക്ഷ്യം സ്ത്രീകൾക്ക് സ്ഥിരവരുമാനം ഉണ്ടാക്കുക എന്നതായിരുന്നു. ഏലീശ്വാ പഠിപ്പിച്ച തൊഴിലുകളിൽ കൊന്തകെട്ടും ഉത്തരീയ നിർമ്മാണവും കാലത്തെ അതിജീവിച്ച് ഇന്നും കൂനമ്മാവിൽ നിലനിൽക്കുന്നു. കൂനമ്മാവിന്റെ സാമ്പത്തിക നിലവാരത്തിൽ ഈ തൊഴിലുകൾക്ക് വളരെ വലിയൊരു സ്ഥാനമുണ്ട്. കേരളത്തിലും കേരളത്തിനുപുറത്തും വിദേശത്തുപോലും കൂനമ്മാവിൽ നിർമ്മിച്ച കൊന്തയും ഉത്തരീയവും എത്തിയിട്ടുണ്ട്.



കേരളത്തിൽ ആദ്യമായി പെൺകുട്ടികൾക്കു മാത്രമായി ഒരു സ്കൂൾ ആരംഭിക്കുന്നത് ഏലീശ്വാമ്മയാണ്. 1868-ൽ ഒരു പെൺപള്ളിക്കൂടം കൂനമ്മാവിൽ ഏലീശ്വാമ്മ ആരംഭിച്ചു. പെൺകുട്ടികൾക്കു വേണ്ടി മാത്രമുള്ള ഈ സ്കൂൾ ഇന്നും കൂനമ്മാവിൽ പ്രവർത്തിക്കുന്നുണ്ട്. ഈ സ്കൂളിൽ വിശുദ്ധ ഏവുപ്രാസ്യ സി.എം.സി. പഠിച്ചിട്ടുണ്ട്. ഇവിടെ പഠിക്കുന്ന പഠിക്കുന്ന അവസരത്തിലാണ് വിശുദ്ധയ്ക്ക് ദൈവവിളി ലഭിക്കുന്നത്. ഇവിടെ പഠിക്കുന്ന കുട്ടികൾക്ക് താമസിക്കുവാൻ 1868-ൽ കേരളത്തിലെ പ്രഥമ വനിത ബോർഡിംഗ് ഹൗസ് ഏലീശ്വാമ്മ കൂനമ്മാവിൽ സ്ഥാപിച്ചു. പെൺകുട്ടികളുടെ വിദ്യാഭ്യാസവളർച്ചയെ ത്വരിതപ്പെടുത്തിയ ഒരു തീരുമാനമായിരുന്നു അത്.

അടുത്തകാലത്ത് ഉയർന്നുവന്ന ഒരു പദമാണ് സ്ത്രീശാക്തീകരണം. വനിതാവിമോചന

പ്രവർത്തനങ്ങൾ ആരംഭിച്ചിട്ട് അധികം കാലമായിട്ടില്ല. സ്ത്രീകളുടെ സമഗ്രവളർച്ചയ്ക്ക് സഹായിച്ചിട്ടുള്ള പദങ്ങൾ ഏലീശ്വാമ്മ കണ്ടുപിടിച്ചിട്ടില്ലാ എങ്കിലും സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ കേരളത്തിൽ ആരംഭിച്ചത് ഏലീശ്വാമ്മയാണെന്ന് നിഷേധിക്കാനാവാത്ത ഒരു സത്യമാണ്.

ഏലീശ്വാമ്മയിൽ നിറഞ്ഞുനിന്നിരുന്ന അസാധാരണ പ്രാർത്ഥ ചൈതന്യവും ദിവ്യകാരുണ്യഭക്തിയും മരിയഭക്തിയും സന്ന്യാസജീവിതചൈതന്യവും കൂനമ്മാവ് സെന്റ് ഫിലോമിനാസ് ആശ്രമത്തിലെ ഡെലഗേറ്റ് സുപ്പീരിയർ ബഹു.ലെയോപോൾഡ് ബൊക്കാറോ OCDയും അന്നത്തെ വികാരി അപ്പസ്തോലിക്കയായ ബർണഡിൻ ബച്ചിനെല്ലി OCDയും തിരിച്ചറിഞ്ഞു. കൂനമ്മാവ് വിശുദ്ധ ഫിലോമിന പള്ളിയുടെ വടക്ക് പടിഞ്ഞാറ് ഭാഗത്തായി 39 വയസ്സുള്ള ഏലീശ്വാമ്മയും 15 വയസ്സുള്ള മകൾ അന്നയും 17 വയസ്സുള്ള തന്റെ ഇളയ സഹോദരി ത്രേസ്യായും ചേർന്ന് പനമ്പുകൊണ്ട് ഉണ്ടാക്കിയ ഒരു ചെറിയ ഭവനത്തിൽ ബെച്ചിനെല്ലി പിതാവിന്റെ അനുവാദത്തോടെ 1866 ഫെബ്രുവരി 13-ാംതിയതി കേരളത്തിൽ ആദ്യമായി സ്ത്രീകൾക്കായി ഒരു സന്ന്യാസസഭ ആരംഭിച്ചു. ഇതാണ് ഇന്നത്തെ CMC, CTC എന്ന് വിഭജിതമായ D.O.C.D. സഭ.





ഏലീശ്വാമ്മ തുടർന്ന CTC സഭ എല്ലാ ഭൂഖണ്ഡങ്ങളിലും പ്രവർത്തിക്കുന്നു. മദർ ജനറൽ സൂസമ്മ CTCയുടെ നേതൃത്വത്തിൽ ഈ സഭ സമഗ്ര വളർച്ചയുടെ പാതയിലാണ്. വീരോചിതമായ പുണ്യജീവിതത്തിന് മാതൃകയും സാക്ഷ്യവും നല്കികൊണ്ട് 82-ാം വയസ്സിൽ 1913 ജൂലൈ 18-ാം തീയതി അന്തരിച്ച ഏലീശ്വാമ്മയുടെ പൂജ്യ ശരീരം, വരാപ്പുഴ കത്തീഡ്രൽ പള്ളിയിൽ അടക്കം ചെയ്തു. 1924-ൽ ഭൗതീകശരീരം വരാപ്പുഴ സെന്റ് ജോസഫ് കോൺവന്റ് ശ്മശാനഭൂമിയിൽ മാറ്റി സ്ഥാപിച്ചു. പിന്നീട് 1997 സെപ്റ്റംബർ 10-ാം തീയതി വരാപ്പുഴ സെന്റ് ജോസഫ് കോൺവെന്റ് അങ്കണത്തിലുള്ള സ്മൃതി മന്ദിരത്തിൽ വീണ്ടും മാറ്റി പ്രതിഷ്ഠിച്ചു. നൂറുകണക്കിന് വിശ്വാസികളാണ് ഏലീശ്വാമ്മയുടെ കബറിടത്തിങ്കൽ പ്രാർത്ഥിക്കാൻ വരുന്നത്.

2008 മെയ് 13-ാം തീയതി ദൈവദാസിയായി പ്രഖ്യാപിക്കപ്പെട്ടു. 2023 നവംബർ 8-ാം തീയതി ഫ്രാൻസിസ് പാപ്പാ ധന്യപദവിയിലേക്ക് ഉയർത്തി.







അക്വിലാസ് ബെർണാൾഡ്
201-24 LK Batch



# ഉപ്പ്

പലാവ കോട്ടിയ കുമ്പിളിൽ
തുമ്പതൻ പൂവുപോലിത്തിരിഉപ്പു തരിയെടുത്തീ
ആവിപാറുന്നപൊടിയരികഞ്ഞിയിൽ
തൂവി പതുക്കെ പറയുന്നു മുത്തശ്ശിഹ

ഉപ്പു ചേർത്താലെ രുചിയുള്ളു
കഞ്ഞിയിലുപ്പുതരിവീണലിഞ്ഞ്
മറഞ്ഞു പോം മട്ടിലെന്നുണ്ണി
നിൻ മുത്തശ്ശിയും നിന്നനിൽപ്പിൽ
ഒരുനാൾ മറഞ്ഞുപോം
എങ്കിലും എന്നിലെയുപ്പായിരിയ്ക്കുമീ മുത്തശ്ശിയെന്നും
എൻ ഉണ്ണിയെ വിട്ടെങ്ങു പോകുവാൻ

ചില്ലുപാത്രത്തിലിരുന്നു ചിരിയ്ക്കുന്നു
നല്ല കറിയുപ്പ തീന്മേശമേൽ
കടൽ വെള്ളത്തിൽ നിന്നും
വിജ്ഞാന പനയോലിയിൽ കൊത്തി
എന്റെ താവിൻതുര വായ്പ്പിച്ചു പണ്ടു ഞാൻ
പിന്നെയൊരുനാൾ കടൽ കണ്ടു
ഞാൻ, വെറുമണ്ണിൽ കിടന്നുരുളുന്ന
കാണാതായ തൻ കുഞ്ഞിനെയോർത്ത്
നെഞ്ചുചുരന്ന പാലെങ്ങും
നിലയ്ക്കാതെയൊഴുകി പരന്ന്
അതിൻ മുങ്ങിമരിയെക്കാന്നരമ്മയെ
കണ്ടു ഞാൻ



-ഒ. എൻ. വി കുറുപ്പ്



അനിക സുധീർ നായർ
2023-26 LK Batch

## *LMCCHILIGHTS*



SUB DISTRICT JUNIOR GIRLS FOOTBALL CHAMPIONS

# വിളക്കിന്റെ ആവശ്യം

തന്റെ കൂട്ടുകാരുമായി വീരവാദങ്ങൾ പറഞ്ഞിരിക്കുന്നതിനിടയിൽ ഹോജ :

" നിങ്ങൾക്ക് ഒരു സത്യം അറിയാമോ? കൂരിരുട്ടത്തു പോലും എനിക്കു കണ്ണുകാണാം."

ഹോജയുടെ പുളു കേട്ട സുഹൃത്തുക്കളിലൊരാൾ ഉടൻ ചോദിച്ചു :

" അങ്ങനെയെങ്കിൽ പിന്നെന്തിനാ മൊല്ലാക്ക നിങ്ങളെന്നും രാത്രിയിൽ വിളക്കുമായി നടക്കുന്നത്?"

മറുപടി പറയാൻ ഹോജയ്ക്ക് ഒരു നിമിഷം പോലും ആലോചിക്കേണ്ടി വന്നില്ല. അദ്ദേഹം പറഞ്ഞു:

"എടോ അത് ഇരുട്ടത്തു കണ്ണുകാണാത്ത നിങ്ങളെപ്പോലുള്ളവർ എന്റെ ദേഹത്തു വന്നു മുട്ടാതിരിക്കാനാ!"





**MUSMARY A AUSTIN**
**2023-26 LK Batch**

# മുന്നോട്ട്

ഇരുളിനെ നിക്കി പ്രകാശം
പരത്തിടാം
ചിറകുകൾ വിശി
പറന്നുയർന്നിടാം
തളരാത ഉയരങ്ങൾ ഇനിയും
താണ്ടിടാം
കരുത്തർജ്ജിക്കാം കാലത്തെ
അതിജീവിച്ചിടാം.

സ്നേഹത്തിൽ മാസുക്കൾ
വിടർത്തിടാം
തണലായി തുണയായി കൂടെ
നിന്നിടാം
കരുണയ്ക്കായ്
കൈകോർക്കാം ഒന്നായ്
നിന്നിടാം
മുന്നോട്ടു പോയിടാം പാറി
പറന്നിടാം



ANN CATHERINE
2022-25 LK Batch

# ഭയപ്പെടരുത്



ഭയപ്പെടരുത് മകളെ
ഭയപ്പെടരുത്
ഇരുളിനെ ഭയക്കരുത്
ഇരുളിൽ താരകങ്ങൾ
നമ്മെ നോക്കി ചിരിക്കന്നു

ഭയപ്പെടരുത് മകളെ
ഭയപ്പെടരുത്
മഴയെ ഭയക്കരുത്
മഴ സങ്കടങ്ങളിൽ
നമ്മുടെ കൂടെ കരയുന്നു

ഭയപ്പെടരുത് മകളെ
ഭയപ്പെടരുത്
ഒന്നിനെയും ഭയക്കരുത്
എല്ലാം നമ്മുടെ
ഒപ്പമുണ്ട്

**Carmel Donita Rodriguez**
**2023-26 LK Batch**



## LMCC HILIGHTS

## *SUB DISTRICT SCHOOL KALOTHSAVAM 2023-24*

## *THIRUVATHIRA TEAM - 3rd A Grade*



# പൂവ്



പൂവേ പൂവേ കൊഴിയല്ലേ
പൂന്തെന്നലു വന്നു വിളിച്ചാൽ പോവല്ലേ
പുലരി പുതു മഴയിൽ ഇതൾ പൊഴിക്കല്ലേ
പൂവേ പൂവേ കൊഴിയല്ലേ

പുതു മണ്ണിനു ചൂടാനൊരു പുവിതളും നല്കല്ലേ
ഈറൻ മുടിയിൽ ചൂടാനൊരു പൂവിതളും നല്കല്ലേ
വെള്ളിനിലാവിലലിഞ്ഞീ പുഞ്ചിരി മായ്ക്കല്ലേ
പൂവേ പൂവേ കൊഴിയല്ലേ



**EVANIYA MARIYA VAZ**
**2023-26 LK Batch**

# മനുഷ്യൻ...

നന്മയുടെ നാളുകളിൽ
നാം, നിലയുള്ള, നിരുള്ള
നിരവധി നരൻമാരാവുന്നു
കാട്ടും കാനനവും കണ്ടും
കേട്ടും കാതറിഞ്ഞ
കളകളാരവവും
കാടകത്തിലെ കാനന
വാസിയാകുന്നു
ശിലയും,ശിൽപിയും
ശിഥിലമാകുന്ന കാലത്തും
ശൈശവം നെയ്ത
മനുഷ്യന്റെ കാൽവിരലുകൾ
ശോഷിച്ചിട്ടില്ലെന്ന്
ഓർക്കുക
മനുഷ്യരാണ് മർത്യനാണ്
ഈ മഹാപ്രപഞ്ചത്തിലെ
മറ്റാർക്കും തോൽക്കാത്ത
പോരാളി

സ്വന്തം രചന



REYSA BINOY
2022-25 LK Batch

# പുനർജ്ജീവിതത്തിലേക്ക്



**EVANIYA MARIYA VAZ**
**2023-26 LK Batch**


ഒരിടത്ത് ഒരു കുട്ടിയുണ്ടായിരുന്നു.അവന്റെ പേര് അരുൺ എന്നാണ്. അവൻ ഒരു അനുസരണയില്ലാത്ത കുട്ടിയായിരുന്നു. അവൻ ആരെയും ബഹുമാനിക്കാറില്ല. ഒരു ദിവസം അവന്റെ വീട്ടിൽ ഒരു വൃദ്ധയായസ്ത്രീ വന്നു. അവൾ അവനോട് ഇത്തിരി വെള്ളം ചോദിച്ചു. അവൻ സ്ത്രീയെ ഭിക്ഷക്കാരി എന്ന് വിളിച്ച് ആക്ഷേപിച്ചു. ആ സ്ത്രീ അവളുടെ യഥാർത്ഥ രൂപം കാണിച്ചു. അത് ശരിക്കും ഒരു മാലാഖയായിരുന്നു. മാലാഖ അവനെ ഒരു പാഠം പഠിപ്പിക്കുന്നതിന് വേണ്ടി ഒരു ശിക്ഷ നൽകി.അങ്ങനെ അവന്റെ സംസാരശേഷി നഷ്ടപ്പെട്ടു.

അവൻ വളരെ ദുഃഖിതനായി. ഒരു ദിവസം വീണ്ടും ആ മാലാഖ അവന്റെ വീട്ടിൽ വന്നു. അവൻ എങ്ങനെ തന്റെ സംസാരശേഷി തിരിച്ച് കിട്ടുമെന്ന് മാലാഖയോട് ആംഗ്യഭാഷയിൽ ചോദിച്ചു. മാലാഖ പറഞ്ഞു നീ മനസ്സറിഞ്ഞ് ആരെയെങ്കിലും സഹായിക്കണം എന്നാൽ മാത്രമേ നിനക്ക് നിന്റെ സംസാരശേഷി തിരിച്ചുകിട്ടുകയുള്ളൂ. ഇങ്ങനെ പറഞ്ഞ് മാലാഖ അപ്രത്യക്ഷയായി.

അവൻ എല്ലാ ദിവസവും ആളുകളെ സഹായിച്ചു. പക്ഷെ അവന് സംസാരശേഷി തിരിച്ച് കിട്ടിയില്ല. ഒരു ദിവസം ഒരു കുട്ടിയെ കുറേ കുട്ടികൾ ചേർന്ന് ഉപദ്രവിക്കുന്നത് അവൻ കണ്ടു. അവൻ ആ കുട്ടിയെ അവരിൽ നിന്ന് രക്ഷിച്ചു. പെട്ടെന്ന് അവന്റെ സംസാരശേഷി തിരിച്ച കിട്ടി. അപ്പോഴാണ് അവൻ മാലാഖയുടെ വാക്കുകൾ ഓർത്തത് 'മനസ്സറിഞ്ഞ് സഹായിക്കുക'. അതിനുശേഷം അവൻ എല്ലാവരെയും മനസ്സറിഞ്ഞ് സഹായിക്കാനും , ബഹുമാനിക്കാനും തുടങ്ങി. അങ്ങനെ അവൻ സന്തോഷത്തോടെ ജീവിച്ചു.

## LMCC HILIGHTS











***SUB DISTRICT SCHOOL KALOTHSAVAM 2023-24***
***GROUP DANCE - 2nd A grade***



## സമയമേ നീ എങ്ങോട്ട് ??

സമയമേ സമയമേ
നീ എങ്ങോട്ട് ഇത്ര ദ്രുതിയിൽ
എന്തിന് എന്തിന്
എന്റെ പ്രായം കൂട്ടുന്നു

സമയമേ സമയമേ
നീ എങ്ങോട്ട് ഇത്ര ദ്രുതിയിൽ
എന്തിന് എന്തിന്
നീ എന്നെ വിഷമിപ്പിക്കുന്നു

സമയമേ സമയമേ
നീ എങ്ങോട്ട് ഇത്ര ദ്രുതിയിൽ
എന്തിന് എന്തിന്
നീ കാർമേഘം പോലെ മറയുന്നു
എന്നിൽനിന്ന്

സമയമേ നീ എങ്ങോട്ട് ??

KEERTHANA RAJESH
2023-26 LK Batch



## എന്റെ പ്രണയം

ഒരിക്കലും കാണാത്ത
കുയിലിന്റെ പാട്ടാൽ
കുയിലിനെസ്സ്നേഹിച്ച
കുഞ്ഞിനെ പൊലെയെൻപ്രണയം
ഒരിക്കലും കാണാത്ത
പൂവിന്റെ സുഗന്ധത്താൽ
പൂവിനെ സ്സ്നേഹിച്ച
കുട്ടിയെപോലെൻ പ്രണയം
ഒരിക്കലും കാണാത്ത
തെന്നലിൻ കുളിർമയാൽ
കാറ്റിനെ സ്സ്നേഹിച്ച
കുട്ടിയെപൊലെന്റെ പ്രണയം
പ്രിയംകൊണ്ട്മാത്രം പ്രിയകങ്കരമായൊരു
പ്രണയമാണിന്നെന്റെ പ്രണയം

[രേഖ ആനന്ത്]



KASHINATH SATHEESH
2023-26 LK Batch

# രണ്ട് സുഹൃത്തുക്കൾ



KEERTHANA RAJESH
2023-26 LK Batch

ഒരിടത്ത് ഒരിടത്ത് രണ്ട് സുഹൃത്തുക്കൾ ഉണ്ടായിരുന്നു. അവരുടെ പേര് അരുണെന്നും വരുണെന്നുമാണ്. അവർ രണ്ടുപേരും ഒരിക്കൽ ഒരു യാത്ര പോയി. യാത്രക്കിടയിൽ അവർ ഒരു മരുഭൂമിയിൽ എത്തി അവിടെവച്ച് രണ്ടു പേർക്കുമിടയിൽ തർക്കംഉണ്ടായി. അങ്ങനെ വരുൺ അരുണിന്റെ കരണത്തടിച്ചു. അവൻ മരുഭൂമിയിലെ മണ്ണിൽ ഇങ്ങനെ എഴുതി 'എന്റെ കൂട്ടുകാരൻ ഇന്ന് എന്റെ കരണത്തടിച്ചു' . അങ്ങനെ അവർ യാത്ര തുടർന്നു. അവർ ഒരു പുഴക്കരയിൽ എത്തി. അവിടെ നിറയെ കല്ലുകളുണ്ടായിരുന്നു. ഒരു കല്ലിൽ തട്ടി അരുൺ താഴെ വീണു കാലു പൊട്ടി.

ഇതു കണ്ട് വരുൺ അവന്റെ മുറിവ് കെട്ടി കൊടുത്തു.അപ്പോൾ അരുൺ 'ഇന്ന് എന്റെ കൂട്ടുകാരൻ എന്നെ സഹായിച്ചു' എന്ന് ഒരു കല്ലിൽ കൊത്തിവച്ചു. അപ്പോൾ വരുൺ ചോദിച്ചു : ഞാൻ നിന്നെ തല്ലിയപ്പോൾ നീ എന്തിന് അത് മണലിൽ എഴുതി? പിന്നെ ഞാൻ നിന്നെ സഹായിച്ചപ്പോൾ എന്തിന് അത് കല്ലിൽ കൊത്തി?അപ്പോൾ അരുൺ ഇങ്ങനെ പറഞ്ഞു : സങ്കടമുള്ള കാര്യങ്ങൾ ഓർത്തുവയ്ക്കരുത് പക്ഷെ സന്തോഷമുള്ള കാര്യങ്ങൾ എപ്പോഴും ഓർത്തുവയ്ക്കണം.

## *SNAPSHOTS OF LMCC*






അറബനമുട്ട് TEAM -REVENUE A GRADE






# ഇത്തിരിപ്പൂവേ

ഇത്തിരിപ്പൂവേ നീ ചൊല്ലുമോ?
കാതരയാകുവാൻ കാര്യമെന്തേ?
ദുഃഖവും താപവുമെന്തേ നിനക്കിന്ന്?
ചൊല്ലെന്റെ പൂവേ,ഇത്തിരിപ്പൂവേ !

ഭാഗ്യനക്ഷത്രമാണ് നീ താതന്
അമ്മതൻ കൺമണിയാണ് നീ
നിൻ സഖിമാർക്കു നീ പ്രിയങ്കരീ,
കാവ്യകലകൾക്കി പ്രിയതോഴി നീ

നാട്യവും നടനവുമേറെ വേണ്ട,
ഹൃദ്ദിസ്ഥമാക്കുവാൻ പാഠമേറെ
ഒത്തിരിദൂരമിനിയും മുന്നിൽ
ഉയരങ്ങൾ നിന്നെ കാത്തിരിപ്പൂ

നന്നായി പഠിക്കേണമെന്ന ചിന്ത
ചിത്തത്തിലെന്നുമുണ്ടായിടട്ടെ
നന്നായ് വളരുവാനിശ്വരനും കുഞ്ഞേ
നിന്നുള്ളിലെന്നുമുണ്ടായിടട്ടേ !!



Ashwin Thomas
2023-26 LK Batch

# അനുഭവം




സ്വയമറിയാൻ അറിവാൽ നിറയാൻ
നിറഞ്ഞ അറിവു പകർന്നു നൽകാൻ
യേശുവേ അറിയാൻ യേശുവാൽ നിറയാൻ
യേശുവിൽ വളരാൻ സഹജരേ സ്നേഹത്താൽ
യേശുവിനായ് വളർത്തിടാൻ ഏറെ
മോദമോടൊന്നിച്ചു ചേർന്നവർ ഞങ്ങൾ

അറിഞ്ഞതുമനുഭവിച്ചതുമെല്ലാം
പകർന്നു നൽക്കാൻ സാക്ഷ്യമേകാൻ
ഏഴുപേരുമേറെ മോദമോടെ
തിരിച്ചു സഹ്യാദ്രിസാനുവിലേയ്ക്ക്
കറുത്ത പൊന്നും സുഗന്ധറാണിയും
കാപ്പി ,തേയില ,വാനിലയും , പേര
നാരകം ,മൾബറി ഫലങ്ങളേറെ
സമൃദ്ധമായി വിളയും മാമലനാടേ!!!!



**ATHEN T BIJU**
**2023-26 LK Batch**

## A SNAPSHOT OF LMCC










മേയേഴ്സ് കപ്പ്: സ്കൂൾ, പ്ലസ്ടു തല മത്സരങ്ങൾ സമാപിച്ചു

***KOCHI MAYORS CUP WINNERS 2023-24 LMCC BOYS FOOT BALL TEAM***

# Digital സൃഷ്ടികൾ

ANCY SOJA - LK Mistress



GODFREY ANTONY -IXA











## സംസ്ഥാന സ്കൂൾ ഫുട്ബോൾ ടീമിലേക്ക് LMCC യിലെ അനന്യക്ക് സെലക്ഷൻ



എറണാകുളം : മൂവാറ്റുപുഴ , പെരുമ്പാവൂർ എന്നിവിടങ്ങളിൽ നടന്ന റവന്യൂ ജില്ലാ മത്സരങ്ങളിൽ എറണാകുളം ഫുട്ബോൾ ടീമിനെ പ്രതിനിധീകരിച്ച് എറണാകുളം പച്ചാളം എൽ.എം.സി.സി. ഹൈസ്കൂളിൽ നിന്നും ഏഴ് കുട്ടികൾ പങ്കെടുത്തു . കോലഞ്ചേരി, കോതമംഗലം എന്നീ ഉപജില്ലാ ഫുട്ബോൾ ടീമുകളുമായി മത്സരിച്ച് ഫൈനലിലേക്ക് പ്രവേശിച്ച എറണാകുളം ഉപജില്ലാ ഫുട്ബോൾ ടീം മട്ടാഞ്ചേരി ഉപജില്ലയെ 3-1 ന് തോൽപ്പിച്ച് വിജയികളായി.

എറണാകുളം ഉപജില്ലയെ വിജയിത്തിലേക്ക് എത്തിച്ചതിൽ എൽ.എം. സി.സി. ഹൈ സ്കൂളിലെ ഒമ്പതാം ക്ലാസ്സ് വിദ്യാർത്ഥിനി കുമാരി അനന്യ കെ.ജെ യുടെ വലിയ പങ്കുണ്ട്. നടക്കപ്പെട്ട മത്സരങ്ങളിലെ ഗോൾ നേട്ടത്തിൽ അനന്യ അസിസ്റ്റ് ചെയ്യപ്പെട്ടത് ശ്രദ്ധേയമാണ്. അനന്യ ഫൈനലിലെ മൂന്ന് ഗോളുകളിൽ മൂന്നാം ഗോൾ അടിച്ച് വിജയം ഉറപ്പിച്ചു. വിവിധ മത്സരങ്ങളുടെ അടിസ്ഥാനത്തിൽ അനന്യ സംസ്ഥാന ടീമിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.

കോച്ച് ബ്രയാൻ സേവ്യറിന്റെയും , കായികാധ്യാപിക വിനീതയുടെയും പരിശീലനത്തിലനത്തിൽ എറണാകുളം എൽ.എം.സി.സി ഹൈസ്കൂളിനെ പ്രതിനിധീകരിച്ച് ജൂനിയർ ഗേൾസ്ഫുട്ബോൾ ടീമിൽ നിയ ജെയിംസ്, അൽസബാ എലിസബത്ത്, മേഘ രാമു, അന്ന റോസ് കെ.റ്റി, നിവേദ്യ നിബു കെ., അന്ന ഫിയ സ്റ്റാൻലി എന്നിവരും കളിക്കുകയുണ്ടായി.



## LMCC യുടെ അഭിമാനം



# ചരിത്ര വിജയം



ഇന്ത്യയുടെ യശസ്സ് വാനോളം ഉയർത്തിയ അഭിമാനകരമായ നേട്ടമായിരുന്നു ചന്ദ്രയാൻ മൂന്നിന്റെ ചരിത്ര വിജയം. നമ്മുടെ ചാന്ദ്രദൗത്യം വിജയകരമായി ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ ഇറങ്ങി. ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ പര്യവേഷണം നടത്തുന്ന ആദ്യ രാജ്യം എന്ന നിലയിൽ ഇന്ത്യ ചരിത്രത്തിൽ സ്ഥാനം പിടിച്ചിരിക്കുകയാണ്. ചന്ദ്രോപരിതലത്തിൽ സേഫ് ലാൻഡിംഗ് നടത്തുന്ന നാലാമത്തെ രാജ്യവുമായി നാം. ഇന്ത്യയ്ക്ക് മുമ്പ് ഈ വിജയം കൈവരിച്ചത് സോവിയറ്റ് യൂണിയൻ, അമേരിക്ക, ചൈന എന്നീ രാജ്യങ്ങളാണ്. ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ- iSRo നിലവിൽ വന്നകാലം മുതൽ നടത്തിയ ചിട്ടയായ പ്രവർത്തനങ്ങളുടെ വിജയമാണ് ചന്ദ്രയാൻ 3. ചന്ദ്രയാൻ 2 ന്റെ പരാജയത്തിൽ നിന്നും isro ഉൾക്കൊണ്ട പാഠങ്ങളും അതിനനുസരിച്ച് രൂപകല്പനയിൽ വരുത്തിയ മാറ്റങ്ങളുമാണ് ചന്ദ്രയാൻ 3 നെ വിജയത്തിലെത്തിച്ചത്. ചന്ദ്രയാൻ 3 ദൗത്യത്തിന് അന്താരാഷ്ട്ര ശാസ്ത്രസമൂഹം നിസ്തുലമായ പിന്തുണയാണ് നല്കിയത്. നാസയും, യൂറോപ്യൻ സ്പേസ് ഏജൻസിയും തങ്ങളുടെ സ്പേസ് കമ്യൂണിക്കേഷൻ ബേസ് സ്റ്റേഷനുകൾ ചന്ദ്രയാന്റെ വിവര വിനിമയത്തിന് നീക്കി വച്ചു. ശാസ്ത്രരംഗത്ത് അതിരുകൾ ഭേദിച്ചുള്ള ജനാധിപത്യത്തിനും സഹകരണത്തിനുമുള്ള മികച്ച ഉദാഹരണമായി ഇത് കണക്കാക്കപ്പെടുന്നു. ആ അർത്ഥത്തിൽ ചന്ദ്രയാൻ 3ന്റെ വിജയം ലോകമാകെയുള്ള ശാസ്ത്രസമൂഹത്തിന്റെ വിജയം കൂടിയാണ്. എന്നാൽ ഈ പദ്ധതിക്കാവശ്യമായ മുഴുവൻ യന്ത്രസാമഗ്രികളും ഇന്ത്യയിൽ തന്നെ വികസിപ്പിച്ചെടുത്താണ്. 2023 ജൂലൈ 14 ന് ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെന്ററിൽ നിന്നും lvm3 m4 എന്ന പേടകം ചന്ദ്രയാൻ 3നെ വഹിച്ചുകൊണ്ട് കുതിച്ചു. ആഗസ്റ്റ് 23ന് ചന്ദ്രയാൻ 3 സുരക്ഷിതമായി ചന്ദ്രോപരിതലത്തിൽ ഇറങ്ങി. ചന്ദ്രയാൻ 3 ന്റെ പ്രധാന രണ്ട് ലക്ഷ്യങ്ങളായിരുന്നു സോഫ്റ്റ് ലാൻഡ് നടത്തുക, ഒരു റോവർ ഉപയോഗിക്കുക എന്നിവ. ഇസ്രോ അത് വിജയകരമായി പൂർത്തിയാക്കി. വിക്രം എന്ന ലാൻഡർ ആണ് പ്രഗ്യാൻ റോവറിനേയും കൊണ്ട് ദക്ഷിണധ്രുവത്തിൽ ഇറങ്ങിയത്. വിക്രം ലാൻഡറിൽ നിന്ന് വേർപെട്ട് വടക്കുകിഴക്ക്



# ചിത്ര രചനകൾ








FIEONA MARIA - XC




AARABHI V R - XC



MAREESWARI - XC



HENA ALPHONSE-XD



HABI JOHN-XD



ANTONY LIBIN-XC



ANN LUCIA- XA



ALEN CLETUS-XD




AZRA -XA




LAKSHMI PRIYA- XD



RAKHI - XC



NIVEDYA -XA



MARY ANGEL -XA



SUVARNA -XA




AQUILAS BERNALD -XD



SANDRIYA - XC




RUDRA - XD



ROMINA DCRUZ- XD



ASHNA BIJU -XB



MEGHA RAMU -X C



ADITHYA RAJESH - XD



SANJITH -XD

# 2020-23 LITTLE KITES 4TH BATCH STUDENTS DRAWINGS



GEORGE JOSEPH
2020-23 BATCH





PRAJUSHA
2020-23 BATCH







ANNA MARIYAM JOFF
2020-23 BATCH



ALGIYAN P D 2020-23 BATCH



ASHNA SHERLY 2020-23 BATCH



JAINO JAISON
2020-23 BATCH



ANN FIYA MANUEL
2020-23 BATCH



DARSHAN S
2020-23 BATCH



JOHN VIYAN
2020-23 BATCH



SINITHA GEORGE
2020-23 BATCH

# അത്യാഗ്രഹത്തിന്റെ ഫലം

ADITHYA ULLAS
2023-26 LK Batch



സോമുവും ദാമുവും പട്ടണത്തിൽ പോയി തിരിച്ചുവരികയായിരുന്നു.
കാടിനടുത്തുകൂടിയാണ് യാത്ര.
പെട്ടെന്നാണ് ദാമു ആ കാഴ്ച കണ്ടത്. വഴിയരികിൽ ചെറിയൊരു ചെമ്പുപാത്രം . അതു തുറന്നുനോക്കിയപ്പോഴോ?
നിറയെ സ്വർണനാണയങ്ങൾ!

“കൊള്ളക്കാരുടെ കൈയിൽ നിന്ന് വീണുപോയതാ. നമുക്കിതു വീതിച്ചെടുക്കാം.” ദാമു പറഞ്ഞു.
അവർ സ്വർണനാണയം എണ്ണിനോക്കി. നാല്പതു നാണയമുണ്ട്.ഇരുപത് വീതം രണ്ടുപേർക്കും കിട്ടും!
അപ്പോഴാണ് ദാമുവിന് മറ്റൊരു ചിന്ത: “ഈ ചെമ്പുകുടമോ? ഇത് ഒരെണ്ണമല്ലേയുള്ളൂ?”

ചെമ്പാണെങ്കിലും കുടം വിട്ടുകൊടുക്കാൻ രണ്ടുപേർക്കും താല്പര്യമില്ലായിരുന്നു.
സോമു പറഞ്ഞു ; “അതും മുറിച്ചു പകുതിയാക്കാം.” അങ്ങനെ, സോമു ഒരു പാറക്കല്ലെടുത്ത് കുടം പൊട്ടിക്കാനുള്ള ശ്രമം തുടങ്ങി.
കൊള്ളക്കാർ കുറച്ചകലെയുണ്ടായിരുന്നു. കുടം പൊട്ടിക്കുന്ന ശബ്ദം കേട്ട് അവർ പാഞ്ഞെത്തി. രണ്ടുപേരെയും അടിച്ചവശരാക്കി അവർ
സ്വർണനാണയം കൊണ്ടുപോയി.
“വലിയ ഭാഗ്യം കൈവന്നിട്ടും അത്യാഗ്രഹം കാണിച്ചതാണ് നമുക്കു വിനയായത്!” വെറും കൈയോടെ മടങ്ങുമ്പോൾ ദാമു പറഞ്ഞു...

## LMCC STARS OF THE YEAR


































## നിർമ്മലരാകുവിൻ

കുട്ടികളെപ്പോലെയാകുന്നില്ലെങ്കിൽ
കിട്ടില്ല ദൈവത്തിൻ രാജ്യം
നിർമ്മലമായൊരു ഹൃത്തിൽ മാത്രമേ
നിത്യനാം ദൈവം വസിക്കൂ...
പൈതങ്ങളെന്നുടെ ചാരേ വന്നിട്ടൂ
ദൈവത്തിൻപുത്രനരുളി
കൈകളിൽ കോരിയെടുത്തവനന്മ്പോടു
വൈകാതെ മുത്തവും നൽകി
ഓർമ്മകളുണ്ടായിരിക്കേണം കുട്ടരേ
കർമ്മങ്ങൾ നന്നായിരിക്കേണം
കർത്താവു നിഥനായീടുകിൽ
ഗർത്തങ്ങളൊക്കെ നിസാരം!



Agnel James
2023-26 LK Batch



## എലിയും പൂച്ചകളും

പാലുകുടിക്കാൻ ആൺപൂച്ച
വാലും വീശി വീശി വലത്തിലെത്തി
മീൻതല നോക്കി പെൺപൂച്ച
'മ്യാവൂ' മൂളി ഇടത്തെത്തി
എലിയെക്കണ്ടവരൊന്നിച്ച്
എടുത്തുചാടിയടുത്തെത്തി
എലിയുടെ പിറകെ പാഞ്ഞെത്തി
എലി മാളത്തിനകത്തെത്തി
പൂച്ച തളർന്നു നിലംപൊത്തി
എലി ചിരിയോടെ മുഖംപൊത്തി

അനീഷ് കെ.അയിലറ



AINJO
2023-26 LK Batch

## വിജയം നേടാം

സ്കൂൾ തുറന്ന കാലം നല്ല കാലം
പഠനകാലം  അതിസുന്ദരകുലം
ഭാവികാര്യം  നിശ്ചയിക്കും
വിദ്യയാം ധനം നേടാം കാലം



ദൈവം തരുന്നൊരു  സമയമാണിത്
അതിനെ നാം കാത്തുസൂക്ഷിക്കണം
അശ്രദ്ധമായത് തീർത്തീടിൽ പിന്നീട്
അതികഠിനമായി ദുഃഖിക്കേണ്ടിവരും

അന്നന്നു പഠിപ്പിക്കും കാര്യങ്ങൾ
അന്നന്നു തന്നെ പഠിച്ചീടണേ
ആടിപ്പാടി നടന്നാൽ കാലം
ആർക്കുമില്ലാതെ പോയി



ANWIN JACOB VARGHESE
2023-26 LK Batch

## വിശപ്പ്

ഒരു വറ്റു ചോറിനായി
കൊതിക്കുന്നനേരം
വയറുകളന്നേരം
പല വറ്റു ചോറു
നാം;
പട്ടിണിയെന്തന്നറിയാത്തവനുണ്ടോ
അറിയുന്നു അന്നത്തിൽ
മഹത്വം;
(ഡോ ഷിനു ശ്യാമളൻ)

KASHINATH
2023-26 LK Batch



# എന്റെ കേരളം

പാട്ടും പുഴകളും തോട്ടും
മോടി കൂട്ടും മലരണിക്കാട്ടും
നീളേ കളകളം പാട്ടും
കാട്ടു ചോലയും മാമണിമേട്ടും
വെള്ളിയരഞ്ഞാണം പോലെ
ചുറ്റും തുള്ളിക്കളിക്കും കടലും
കായലും നീലമലയും
നീളേ കോരിത്തരിക്കും വയലും
പീലി നിവർത്തി നിന്നാട്ടും
കൊച്ചു കേരമരതക്കത്തോപ്പും
നീളേ കുളിരൊളി തിങ്ങി
എന്റെ കേരളമെന്തൊരു ഭംഗി

ഗോപാലകൃഷ്ണൻ കോലഴി






BELVIN P B
2023-26 LK Batch

# സ്വർണ്ണ താറാവ് മുട്ട

ഒരു ദിവസം കുമാർ താറാവ് മുട്ടയിട്ടോയെന്നു നോക്കാൻ വേണ്ടി കൂടിനടുത്തേക്ക് പോയപ്പോൾ കണ്ടത് അവിടെ ഒരു സ്വർണ്ണ മുട്ടകിടക്കുന്നത് കണ്ടു. കുമാർ അതു കണ്ടപോൾ അതിശയിച്ചുപോയി . കുമാർ ആമുട്ട വിറ്റു പണക്കാരനായി. ഒരു പ്രാവശ്യം മാത്രമാണ് മുട്ടക്കിട്ടിയത് . കുമാർന് അത്യഗ്രഹം തോന്നി. താറാവിനെ വെട്ടിയാൽ താറാവിന്റെ വയറിൽ കുറെ സ്വർണ്ണ മുട്ടകൾ ഉണ്ടാകുമെന്ന് കുമാർ വിചാരിച്ചു . ആ താറാവിനെ കുമാർ വെട്ടി പക്ഷേ അതിൽ ഒന്നുമിണ്ടായിരുന്നില്ല. അവൻ മണ്ടനായി.






NOVAJEE M
2023-26 LK Batch

## A SNAPSHOT OF LMCC







# കുട്ടനും കിട്ടനും



PRASIN KUMAR
2023-26 LK Batch

കുട്ടനും കിട്ടനും കൂട്ടുകൂടി
നട്ടല്ലോ നല്ലൊരു നേന്ത്രവാഴ
ഒട്ടു ദിനങ്ങൾ കഴിഞ്ഞപ്പോഴോ
മുട്ടൻ കുലയൊന്നു നീട്ടി വാഴ
ദുഷ്ടനാം കുട്ടൻ കുലയെടുത്തു
കിട്ടനു കിട്ടിയതുണ്ണിപ്പിണ്ടി
മിണ്ടിയില്ലൊന്നുമേ കിട്ടൻ പാവം
പിണ്ടിയുമായി പടിയിറങ്ങി
വാഴപ്പഴമെല്ലാം തിന്നു തിന്ന്
വയറിനു വേദന വന്നുകൂടി
വാവിട്ടലറിക്കരഞ്ഞു കുട്ടൻ
വൈദ്യൻ വിധിച്ചതു പിണ്ടിനീര്
കിട്ടിയ പിണ്ടി പിഴിഞ്ഞു കിട്ടൻ
കുട്ടനിടങ്ങഴ നീരുനൽകി
വാഴക്കുലയുടെ പത്തിരട്ടി
വാങ്ങിച്ചു കിട്ടാൻ മരുന്നുകൂലി
പറ്റിച്ചവനു പണി കൊടുക്കാൻ
പറ്റിയതോർത്തു ചിരിച്ചു കിട്ടൻ
(കെ.കെ.പല്ലശ്ശന)

# പൂവ്

"ദൈവമേ
കരുണയുടേ
പൂന്തോട്ടത്തിൽ
ഈ കൊച്ചു
പുഷ്പത്തെ വിരിയിച്ചത്
അങ്ങയുടെ കരമാണ്
സൗന്ദര്യവും സൗരഭ്യവും
നിറച്ചതും അങ്ങല്ലോ....
വരൾച്ചയിലും വെയിലിലും
പൂവിനു തണലായതും
തുണയായതും
അങ്ങു തന്നെ.
അങ്ങയുടേതു
മാത്രമായിത്തീരാനുള്ള
സൗഭാഗ്യത്തിലേക്ക്
അങ്ങു നയിച്ചു... നന്ദി...
അതു
മാത്രം...അതുമാത്രമേ
എനിക്ക് തരാനുള്ളൂ....."



PRAVEEN KUMAR
2023-26 LK Batch

# നന്മയും തിന്മയും

ഒരിക്കൽ നന്മയും തിന്മും തമ്മിൽ കണ്ടുമുട്ടി ,തിന്മയുടെ കറുത്ത ശരീരത്തിൽ വെളുത്ത രണ്ടു ചിറകുകൾ കണ്ട് ആശ്ചര്യത്തോടെ നന്മ ചോദിച്ചു : 'ഈ രണ്ടു വെളുത്ത ചിറകുകൾ എന്താണ് ? ' തിന്മ പറഞ്ഞു : 'ഈ ചിറകുകളിൽ ഒന്ന് സമ്പത്തും മറ്റൊന്ന് അധികാരവുമാണ്. ഈ രണ്ടു ചിറകുകളും വേഗത്തിൽ വീശി ഞാൻ കടന്നുപോകുമ്പോൾ എന്നെ കാണുന്നവർക്കെല്ലാം ഞാൻ മുഴുവനായും വെളുത്തതാണെന്നു തോന്നും. അങ്ങനെ നിന്റെ പക്ഷത്തുള്ള കുറെപ്പേരെ എന്റെ പക്ഷത്തേക്ക് കൊണ്ടുവരാൻ എനിക്ക് കഴിയും.'

**ഗുണപാഠം**


സമ്പത്തിനും സ്ഥാനമാനങ്ങൾക്കും പിന്നാലെ നെട്ടോട്ടമോടുന്നവർ പലപ്പോഴും തിന്മയെ നന്മയെന്ന് കരുതാറുണ്ട്. ആകയാൽ നമുക്ക് ലഭിക്കുന്ന സമ്പത്തും സ്ഥാനമാനങ്ങളുമൊക്കെ ശരിയായ മാർഗ്ഗങ്ങളിലൂടെയാണോ നമ്മിലേക്ക് എത്തിച്ചേരുന്നതെന്നു നാം സ്വയം ഉറപ്പു വരുത്തേണ്ടതാണ്.



SNEHA KOCHUTHRESIA
2023-26 LK Batch

## ദൈവപരിപാലനം

"എനിക്ക് നിന്നോടുള്ള സ്നേഹം അനന്തമാണ്. നിന്നോടുള്ള വിശ്വസ്തത അചഞ്ചലവും''(ജറെ 31,3)
പ്രിയ കുട്ടികളെ,
വചനത്തിലൂടെ കർത്താവ് നമ്മോടു അരുൾ ചെയ്യുന്നു. ദൈവപിതാവിന്റെ അനന്തമായ സ്നേഹവും അചഞ്ചലമായ വിശ്വസ്തതയും നമ്മോടുകൂടെ ഉണ്ടെന്ന് . പിന്നെ നാം എന്തിന് പേടിക്കണം...... അസ്വസ്ഥരാകണം..... ഈശോയോടു ചേർന്നു നിന്നാൽ പിതാവായദൈവത്തിന്റെ അനന്തമഹിമയും അചഞ്ചലമായ വിശ്വസ്തതയും രക്ഷാകവചമായി നമ്മെ പരിപാലിക്കും.



Tony K.S
2023-26 LK BATCH

## അത്യഗ്രഹം ആപത്ത്

ശങ്കർ, കുമാർ എന്നു രണ്ടു കൂട്ടുക്കാർ ഉണ്ടായിരുന്നു.അവരിൽ ശങ്കരൻ നല്ലവനും കുമാർ അസുയയുള്ളവനും. അവർ രണ്ടു പേരും മരം വേട്ടുകാരായിരുന്നു. ഒരു ദിവസം ശങ്കരൻ മരം വെട്ടാൻ വേണ്ടി കാട്ടിൽ പേയി. മരം വെട്ടി കെണ്ടു ഇരിക്കുമ്പേൾ കോടാലി കൈയിൽ നിന്നും വെള്ളത്തിൽ വീണു. അപ്പോൾ വെള്ളം കാക്കുന്ന ദേവൻ വന്നു. വെള്ളത്തിൽ നിന്നും മൂന്നു കെടാലി കൊണ്ടു വന്നു. അതിൽ സ്വർണ്ണം കൊണ്ടുള്ള കൊടാലിയും,മരം കൊണ്ടുള്ള കോടാലിയും പിന്നെ രത് നം പതിച്ച കോടാലിയും. അവൻ അവന്റെ സ്വൻതം മരത്തിന്റ കെടാലി ചേദിച്ചു ദെവം അവന് മൂന്നു കൊടാലിയും കെടുത്തു



UDAY ASHWIN
2023-26 LK Batch

## രാജാവ്

കരിമ്പനാനപ്പുറത്തു
കേറിപ്പോവുക
യാണൊരു രാജാവ്
തുടുത്തുമിന്നും മുഖത്തു-
നിറയെപുഞ്ചിരിയു-
ള്ളൊരു രാജാവ്
തെളിഞ്ഞ നീലാകാശ-
ത്തങ്ങനെഗമയിൽ-
പ്പോകും രാജാവ്
നക്ഷത്രങ്ങൾ വിടർന്ന-
വാനിൽഉലാത്തു-
മമ്പിളി
രാജാവ്



HANIEL
2023-26 LK Batch

## ആമയും കൊക്കും

ഒരിടത്ത് ഒരിടത്ത് ഒരു ആമയുണ്ടായിരുന്നു.ആമയ്ക്ക് പറക്കാൻ ആഗ്രഹമുണ്ടായിരുന്നു.ആകാശത്ത് പറക്കുന്ന പക്ഷികളെ കാണുമ്പോൾ തനിക്കും അവരെപോലെ പറക്കാൻ കഴിഞ്ഞിരുന്നെങ്കിൽ എന്ന് ആമ ചിന്തിച്ചു. തന്റെ ആഗ്രഹം സാധിക്കാൻ വേണ്ടി ആമ രണ്ടു കൊക്കുകളെ കാണാൻ പോയി.തന്റെ ആഗ്രഹം കൊക്കുകളോട് പറഞ്ഞപ്പോൾ ഒരു കൊക്ക് ആമയോട് ഒരു കമ്പിൽ കടിച്ചു പിടിക്കാൻ പറഞ്ഞു.കൊക്ക് പറഞ്ഞതുപോലെ ആമ കമ്പിൽ കടിച്ചു പിടിച്ചു.അപ്പോൾ രണ്ട് കൊക്കുകളും കമ്പിന്റെ രണ്ട് അറ്റങ്ങളിലും കടിച്ചുപിടിച്ചു പറക്കാൻ തുടങ്ങി.കമ്പിൽ കടിച്ചുപിടിച്ച ആമയുടെ ആഗ്രഹം കൊക്കുകൾ സാധിച്ചു കൊടുത്തു.ഇത്ര ഉയരത്തിൽനിന്ന് ആമ താഴത്തേക്ക് നോക്കിയപ്പോൾ ആമയ്ക്ക് സന്തോഷമായി.താഴത്തുനിന്ന ആളുകൾ തന്നെ അത്ഭുതത്തോടെ നോക്കി നിന്ന കാഴ്ച്ച കണ്ട ആമ ചിരിക്കാൻ തുടങ്ങി.ചിരിമൂലം തന്റെ വായ കമ്പിൽ നിന്ന് വിടുന്നു.അങ്ങനെ ആമ താഴെ വീണ് ചത്തുപോകുന്നു.

കഥയുടെ ഗുണപാഠം:'അത്യാഗ്രഹം ആപത്താണ്.'



ABHINAV J BAIJU
2022-25 LK BATCH


# ആമയും മുയലും



**പ**ണ്ട് പണ്ട് ഒരു കാട്ടിൽ ആമയും മുയലും ഉണ്ടായിരുന്നു . ആമ ഒരു മടിയനായിരുന്നു മുയൽ മിടുക്കനും . ഒരിക്കൽ കാട്ടിൽ ഒരു മൽസരം ഉണ്ടായി . ഒരു ഓട്ടം മൽസരം ആമയും മുയലും തമ്മിൽ . ആമയും മുയലും മൽസരത്തിനു പങ്കെടുത്തു . മുയൽ ഒരു ഓട്ടകാരനായിരുന്നു . മൽസരം തുടങ്ങി മുയൽ വേഗത്തിൽ ഓടി . മുയൽ പറഞ്ഞു , ആമ ഇപ്പോഴൊന്നും എത്തില്ല കുറച്ചു വിശ്രമിക്കാം . മുയൽ ഉറങ്ങി പോയി . ആമ ആ സമയത്തിഞ്ഞുള്ളിൽ മൽസരം പൂർത്തിയാക്കി . ഉറക്കം കഴിഞ്ഞ് എഴുന്നേറ്റ മുയൽ നോക്കുമ്പോൾ ആമ മൽസരത്തിന് ജയിച്ചതാണു . വിഷമം കൊണ്ട് മുയൽ കരഞ്ഞു പോയി . എള്ളിമ്മയുള്ളവന് വിജയം ഉറപ്പ്.



AADITH JEEN
2022-25 LK BATCH























JESNA RABACA
2022-25 LK BATCH




# പകുതി മുക്കാലും പഠിച്ചു


നാട്ടിൻപുറത്ത് ഒരു സർക്കസ് നടക്കുകയായിരുന്നു. പലതരം അഭ്യാസങ്ങൾ കാണിക്കുന്നുണ്ട്.അതിൽ ഒരു ഇനം എല്ലാവർക്കും കേമമായി തോന്നി. ഇരുതല മൂർച്ചയുള്ള ഊക്കൻ വാള് ഒരാൾ മുകളിലേക്ക് ആഞ്ഞെറിയുന്നു. എന്നിട്ട് അതു താഴെ വരുമ്പോൾ കൃത്യമായി കൈപിടിയിലൊതുക്കുന്നു. ആളുകൾ കൈയടിച്ചു. അപ്പോൾ കാണികളിലൊരുവൻ ഉറക്കെ വിളിച്ചു പറഞ്ഞു. ഹോ....ഇതിലെന്തു കാര്യം. ഇതിന്റെ പകുതി ഞാനെന്ന് അറിയാമോ?എന്നാൽ ഒന്നു കാണട്ടെ എന്നായി പറ്റുമോ? ആ വിദ്വാൻ വാൾ കൈയിലെടുത്തു. പിന്നെ മുകളിലേക്ക് ഒറ്റ ഓട്ടത്തിനിടയിൽ മൂപ്പർ വിളിച്ചു പറയുന്നുണ്ടായിരുന്നു." വാൾ തിരിച്ചു മുക്കാലും പഠിച്ചിട്ടുണ്ട്



മുക്കാലും പഠിച്ചവനാണ മറ്റുള്ളവർ. ഇനി തടിയൂരാൻ ഏറ്. എന്നിട്ട് ഒറ്റ ഓട്ടം! പിടിക്കാനറിയില്ല പകുതി

ABHINAV K S
2022-25LK BATCH

# പറയേണ്ട സമയം




പട്ടണത്തിലെ ഒരു വീട്ടിൽ വാടകയ്ക്കു താമസിക്കുകയാണ് സർദാർജി.
ഒരിക്കൽ അദ്ദേഹം ക്ഷുഭിതനായി വീട്ടുടമസ്ഥനോട് ഇപ്രകാരം ചോദിച്ചു:
"എന്താ സംഗതി?"
"എനിക്കു വാടകയ്ക്കു തന്ന വീട്ടിലൊരു കുളിമുറിയുണ്ടോ ?"
സർദാർജിയുടെ ചോദ്യം കേട്ട വീട്ടുടമ ശാന്തനായി അദ്ദേഹത്തോടു ചോദിച്ചു.
"ആട്ടെ താങ്കൾ എന്റെ വീട്ടിൽ വാടകയ്ക്കു താമസം തുടങ്ങിയിട്ട് എത്ര കാലമായി. "
"നാലു മാസമാകുന്നു"
"എന്നിട്ടിപ്പോഴാണോ ഇത്തരത്തിലൊരു പറയുന്നത് ?"
"വീട്ടുൽ കുളിമുറിയില്ലന്ന കാര്യം ഇന്നാണ്ഞാൻ മാസ്സിലാക്കിയത്. ഒരു കാര്യം അറിയുമ്പോഴല്ലേ പറയാൻ പറ്റൂ?"
എന്നായിരുന്നു സർദാർജിയുടെ മറുപടി.

ABIN ANTONY
2022-25 LK BATCH

# മണ്ടൻ ഉറുമ്പ്

ഒരിടത്ത് ഒരിടത്ത് ഒരു ഉറുമ്പ് ഉണ്ടായിരുന്നു.
അതിന് വെള്ളത്തിലിറങ്ങി കുളിക്കാൻ വളരെ ഇഷ്ട്ടമായിരുന്നു. എന്നാൽ ഉറുമ്പിൻറെ അച്ഛനും അമ്മയും അനുവദിച്ചിരുന്നില്ല. അതിനാൽ ഒരു ദിവസം ഉറുമ്പ് തന്റെ കൂട്ടുകാരുടെ കൂടെ പുഴയിൽ കുളിക്കാൻ പോയി . അവൻ മുങ്ങി മരിച്ചു.



ADIK DEV I R
2022-25 LK Batch

# ലഹരി




ശിരസ്സുയർത്തി പറയുക
ലഹരിക്കടിപ്പെടില്ലൊരു നാളും നാം
വരം കണക്കെകിട്ടിയ ജീവിതം
എറിഞ്ഞുടക്കുകയില്ല നാം

കുരുന്നിനെപിടികൂടാൻ
മാഫിയ പതുങ്ങിനിൽപ്പുടെബാട്ടും
പതഞ്ഞഗ്ലാസുകൾ നീട്ടി
ചതിയുടെ വിരുന്നൊരുക്കുകയാണെങ്ങും
നുണഞ്ഞിടാം പുകയായി വലിക്കാം
സിറഞ്ചിലൂടെ അകത്താക്കാം
വിഷങ്ങൾ പലതുണ്ട് അരുതെ
അവയുടെ അടുത്തുപോലും ചെല്ലരുതെ!!



AKSHAYA K B
2022-25 LK Batch